(ഡി) മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരൻസ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരം വൃദ്ധരുടേതായി ലഭിച്ച പരാതികളും അവയ്ക്ക് പരിഹാരം കണ്ടിട്ടുള്ളവയുടെ എണ്ണവും ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) സംസ്ഥാനത്ത് 15 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആകെ 729 അന്തേവാസികൾ നിലവിലുണ്ട്.

പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ

78 (528) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എവിടെയൊക്കെ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഓഫീസുകളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നും, ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത് എന്നും വ്യക്തമാക്കുമോ ;

(സി) പുതിയ ഐ.സി.ഡി.എസ്. ഓഫീസുകൾ തുടങ്ങാൻ ആവശ്യമായ ചെലവിന്റെ എത്ര ശതമാനം കേന്ദ്രസർക്കാർ വഹിക്കുന്നുണ്ടെന്നും ആകെ എന്ത് തുക പ്രതിവർഷം ചെലവാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ഓരോന്നിലും ഒരു ശിശുവികസന പദ്ധതി ഓഫീസറുടേയും ഒരു എൽ.ഡി. ക്ലർക്കിന്റെയും ഒരു പ്യൂണിന്റെയും തസ്തികകൾവീതം സൃഷ്ടിച്ചിട്ടുണ്ട്.

(സി) പുതിയ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ തുടങ്ങാൻ ആവശ്യമായ ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും ഓഫീസ് ചെലവുകൾ, അനാവർത്തന ചെലവുകൾ, ഓഫീസ് കെട്ടിട വാടക, വാഹന ചെലവ് എന്നീ ഇനങ്ങളിലായി പുതിയ പ്രോജക്ടുകൾക്ക് പ്രതിവർഷം 9,18,27,000 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly